# സവിശേഷ സാമ്പത്തിക മേഖലയിലെ വ്യവസായ സ്ഥാപനത്തിന് ചരക്ക് വിതരണം ചെയ്തതിന് 18% നികുതിയടയ്ക്കണമെന്ന ഉത്തരവ് റദ്ദാക്കി

## കേരള ഹൈക്കോടതി

W.A. No. 2417/2019 Dt. 6.12.2019

റേഞ്ച് ഫോറസ്റ്റ് ഓഫീസർ
X
ലളിത മുരളീധരൻ

തമിഴ്നാട്ടിലെ സവിശേഷ സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനത്തിന്റെ ഉടമയാണ് നികുതിദായക. തന്റെ വ്യവസായ സ്ഥാപനത്തിനു വേണ്ടി നികുതിദായക കേരളത്തിലെ മറയൂർ ഫോറസ്റ്റ് ഓഫീസിന്റെ ഡിപ്പോയിൽ നിന്ന് ചന്ദനത്തടി ലേലം ചെയ്ത് വാങ്ങി. ലേലം ചെയ്ത് വാങ്ങിയ വ്യക്തി ഏഴ് ദിവസത്തിനുള്ളിൽ വിലയുടെ 35% തുകയും തുടർന്ന് പതിനാല് ദിവസത്തിനുള്ളിൽ ബാക്കി തുകയും ബാധകമായ നികുതിയും അടച്ച് ചരക്ക് കൈപ്പറ്റണമെന്നാണ് കരാറിൽ നിശ്ചയിച്ചിട്ടുള്ളത്. അതനുസരിച്ച് ബാധകമായ നികുതി 18% ഉൾപ്പെടെയുള്ള വില നല്കണമെന്ന് ഫോറസ്റ്റ് ഓഫീസർ നികുതിദായകയോട് ആവശ്യപ്പെട്ടു. ഇതിനെതിരെ നികുതിദായക ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സവിശേഷ സാമ്പത്തിക മേഖലയിലെ വ്യവസായ സ്ഥാപനത്തിലേക്ക് വിതരണം ചെയ്യുന്ന ചരക്കുകൾക്ക് നികുതി ബാധകമല്ലെന്നിരിക്കെ 18% നികുതിയടയ്ക്കണമെന്ന് ഫോറസ്റ്റ് ഓഫീസർ ഉത്തരവിട്ടത് നിയമവിരുദ്ധമാണെന്ന് നികുതിദായക വാദിച്ചു. ചരക്കുകളുടെ സ്ഥാനവും വിതരണം ചെയ്ത സ്ഥലവും ഒന്നായതിനാൽ (കേരള സംസ്ഥാനത്തെ മറയൂർ) ചന്ദനത്തടിയുടെ വിതരണം സംസ്ഥാനത്തിനകത്തെ വിതരണമാണെന്നും അതിന് 18% നികുതി നല്കാൻ നികുതിദായക ബാധ്യസ്ഥയാണെന്നും ഫോറസ്റ്റ് ഓഫീസർ വാദിച്ചു. ചരക്കുകളുടെ സ്ഥാനവും വിതരണ സ്ഥലവും വ്യത്യസ്തമായാലും ഒന്നായാലും സവിശേഷ സാമ്പത്തിക മേഖലയിലെ വ്യവസായ സ്ഥാപനത്തിലേക്കുള്ള വിതരണം സംസ്ഥാനങ്ങൾക്കകത്തുള്ള വിതരണമായാണ് കണക്കാക്കുകയെന്നും സവിശേഷ സാമ്പത്തിക മേഖലയിലെ വ്യവസായ സ്ഥാപനത്തിനുള്ള വിതരണത്തിന് നികുതി ബാധകമല്ലെന്നും വിലയിരുത്തിയ സിംഗിൾ ബഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് റദ്ദാക്കുകയും നികുതിദായകയുടെ റിട്ട് ഹർജി അനുവദിക്കുകയും ഒരാഴ്ചക്കുള്ളിൽ ചരക്ക് സവിശേഷ സാമ്പത്തിക മേഖലയിലേക്ക് കൊണ്ടുപോകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിനെതിരെ ഫോറസ്റ്റ് ഓഫീസർ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ചരക്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്തുവെച്ച്തന്നെ വിതരണവും പൂർത്തിയാക്കിയതിനാൽ പ്രസ്തുത വിതരണം സംസ്ഥാനത്തിനകത്തെ വിതരണം തന്നെയാണെന്നും 18% നികുതി ബാധകമാണെന്നും ഫോറസ്റ്റ് ഓഫീസർ വാദിച്ചു. സവിശേഷ സാമ്പത്തിക മേഖലയിലെ സ്ഥാപനത്തിനുള്ള വിതരണം എവിടെവെച്ച് പൂർത്തിയായാലും അത് സംസ്ഥാനങ്ങൾക്കകത്തുള്ള വിതരണമായാണ് കണക്കാക്കേണ്ടതെന്നും അതിന് നികുതി ബാധകമല്ലെന്നും നികുതിദായക വാദിച്ചു. സവിശേഷ സാമ്പത്തിക മേഖലയിലെ സ്ഥാപനത്തിനുള്ള വിതരണം ഒരിക്കലും നികുതി വിധേയമല്ലെന്ന് വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും ഫോറസ്റ്റ് ഓഫീസറുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.